<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം.അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. SJD/2505/2021-E1 | തിരുവനന്തപുരം, തീയതി. 07/05/2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ സ്ഥലംമാറ്റവും, ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖേന ഉദ്യോഗക്കയറ്റ നിയമനവും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :
1.സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
2.ഈ കാര്യാലയത്തിൽ നിന്നുമുള്ള 9/7/2021 ലെ ഇതേനം നടപടിക്രമങ്ങൾ
3.ഈ കാര്യാലയത്തിൽ നിന്നുമുള്ള 28/9/2021 തീയതിയിലെ SJD/3335/ 2021-E1 നം നടപടിക്രമങ്ങൾ
4. 20/4/2022 ലെ SJD/839/2021-E6 നം ഗസറ്റ് വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസിൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ആകെയുള്ള 20 എണ്ണത്തിൽ 8 തസ്തികകളിൽ ഒഴിവ് നിലവിൽ വരുകയുണ്ടായി. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതതായി രൂപികരിക്കുകയും, വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എക്സിക്യൂട്ടീവ് ഉത്തരവ് E (V) യിൽ അനുബന്ധം V ലെ സൂപ്രണ്ട് ഗ്രേഡ് -I തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള അനുപാതം 1:3 എന്ന ക്രമത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II : ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ജീവനക്കാർക്കായി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സാമൂഹ്യനീതി വകുപ്പിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ ആകെയുള്ള 20 എണ്ണത്തിൽ 8 തസ്തികകൾ ഒഴിഞ്ഞ് കിടന്നിരുന്നു. ഈ 8 ഒഴിവുകളിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയ്ക്ക് ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹതപ്പെട്ട രണ്ട് ഒഴിവുകളിൽ പരാമർശം 2 പ്രകാരം ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

പരാമർശം (3) പരിപത്ര പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ അപേക്ഷകൾ ക്ഷണിച്ചതിൽ നിന്നും 6 അപേക്ഷകളാണ് സ്ഥലംമാറ്റത്തിനായി ലഭിച്ചിട്ടുള്ളത്. വകുപ്പ് വിഭജനത്തെ തുടർന്ന് ഗസറ്റഡ് തസ്തികകൾ തുലോം കുറഞ്ഞതും സ്ഥാപനങ്ങൾ/കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ DDO മാരുടെ ചുമതല ഗസറ്റഡ് തസ്തികയിലെ ജീവനക്കാർക്ക് തന്നെ അനുവദിച്ച് നൽകേണ്ടതിനാലും ഗസറ്റഡ് , സ്ഥാപന മേധാവികളായ നോൺ-ഗസറ്റഡ് തസ്തികയിലെ ജീവനക്കാർ നിരന്തരം അവധികളിൽ പ്രവേശിക്കുന്ന സാഹചര്യത്തിലും ചുമതലകൾ ക്രമീകരിച്ച് നൽകുന്നതിന് വളരെയേറെ ബുദ്ധിമുട്ട് വകുപ്പ് നേരിടുന്നുവെന്നത് വസ്തുതാപരമായ യാഥാർഥ്യമാണ്. ഈ സാഹചര്യത്തിൽ, വകുപ്പിൻറെ സുഗമമായ പ്രവർത്തനം മുന്നിൽ കണ്ട് മാത്രമേ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലെ സ്ഥലംമാറ്റ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 6 ജീവനക്കാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയങ്ങളിൽ രണ്ട് വർഷത്തെ സേവനം പോലും പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ ഈ

ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ നിലവിൽ പരിഗണിക്കുവാൻ സാധിക്കുന്നതല്ല. ഈ സാഹചര്യത്തിൽ വകുപ്പിൻറെ സുഗമമായ പ്രവർത്തനം മാത്രം മുൻനിറുത്തി ചുവടെ വിവരിക്കും വിധം രണ്ട് ജീവനക്കാർക്ക് ഭരണപരമായ സൌകര്യാർത്ഥം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്ഥലംമാറ്റം

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റം അനുവദിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.അശ്വതി.വി<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1<br>ഗവ.ആശാഭവൻ വുമൻ<br>തിരുവനന്തപുരം<br>(6 വർഷമായി ഈ കാര്യാലയ ത്തിൽ സേവനമനുഷ്ടിക്കുന്നു) | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.വനിതാ വികലാംഗ സദനം,<br>എറണാകുളം |
| 2 | ശ്രീമതി.ബീന ജോർജ്ജ്<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1<br>ഗവ.കെയർഹോം<br>പുലയനാർകോട്ട | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.ആശാഭവൻ വുമൻ<br>തിരുവനന്തപുരം<br>(വനിതാ സ്ഥാപനം ചുമതല ക്രമീകരിക്കേണ്ടതിനാൽ) |

സാമൂഹ്യ നീതി വകുപ്പിൽ നിലവിലുള്ള 6 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ ഒഴിവുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്കായി ബൈട്രാൻസ്ഫർ ഉദ്യോഗക്കയറ്റ നിയമനത്തിന് നിശ്ചിത അനുപാതം അനുസരിച്ച് അനുവദിക്കപ്പെട്ടിട്ടുള്ള 6 ഒഴിവുകളിലേയ്ക്ക് ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (4) സെലക്ട് ലിസ്റ്റിലെ 3 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ, നിലവിലുള്ള 6 ഒഴിവുകളിൽ ചുവടെ വിവരിക്കുന്ന 3 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.1,2,3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 50200-105300 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റം.

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.രാധിക.കെ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>പാലക്കാട് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.വൃദ്ധസദനം തൃശ്ശൂർ |
| 2 | ശ്രീമതി.മീന.ഒ.എസ്<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>കൊല്ലം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.വൃദ്ധസദനം കണ്ണൂർ |

| | | |
|---|---|---|
| 3 | ശ്രീ.പ്രകാശ് കുമാർ.ആർ.കെ<br>ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.കെയർ ഹോം പുലയനാർകോട്ട |

പാലക്കാട് ഗവ.വൃദ്ധ വികലാംഗ സദനം സൂപ്രണ്ടിൻറെ പൂർണ്ണ അധിക ചുമതല പാലക്കാട് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.പ്രകാശ്.യു നിർവഹിക്കേണ്ടതാണ് . തിരുവനന്തപുരം വിടിസി സൂപ്പർവൈസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ശ്രീമതി.ബീനാ ജോർജ്ജ് നിർവഹിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ജീവനക്കാര്യ വിഭാഗം ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രകാശ് കുമാർ.ആർ.കെ-യെ ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ ഈ കാര്യാലയത്തിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തും ജീവനക്കാരന്റെ പൂർണ്ണ അധിക ചുമതല ശ്രീ.ജോസ് ഫ്രാൻസിസ് ജൂനിയർ സൂപ്രണ്ടിന് അധികമായി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ കാര്യാലയമേധാവികൾ/നിയന്ത്രണാധികാരികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

എം.അഞ്ജന ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. അക്കൌണ്ടന്റ് ജനറൽ(എ&ഇ)കേരള തിരുവനന്തപുരം(ആമുഖകത്ത്സഹിതം)
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
4. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്